# ശ്ലീവാകാലം
## വചന വിചിന്തനം
### ഏലിയാകാലം മൂന്നാം ഞായർ
മത്താ 15,21-28

***ക്രിസ്തു പറയുന്നത്:
"സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്.
നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ."
എങ്കിൽ, വിശ്വാസത്തിന്റെ വലുപ്പം അനുഗ്രഹത്തിന്റെ ആഴം കൂട്ടും!***

തന്റെ പുത്രിയെ സുഖപ്പെടുത്തണമെന്ന് ഈശോയോട് അപേക്ഷിക്കുന്ന സ്ത്രീ വിജാതീയയാണെന്ന് മത്തായി സ്പഷ്ടമാക്കുന്നു. കാനാൻകാരിയായ ആ സ്ത്രീ ടയിർ-സീദോൻ പ്രദേശങ്ങളിൽ നിന്നുള്ളവളാണ്. ആ പ്രദേശങ്ങൾ വിജാതിയപ്രദേശങ്ങളാണ് (ജോഷ്വാ 7.9= കാനാൻകാർ ഇതു കേൾക്കുമ്പോൾ ഞങ്ങളെ വളയുകയും, ഞങ്ങളുടെ നാമം ഭൂമുഖത്തുനിന്നു തുടച്ചുനീക്കുകയും ചെയ്യും). താൻ ഇസ്രായേൽക്കാരുടെ പക്കലേക്കു മാത്രം അയയ്ക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ പേരിലാണ്, ഈശോ ആദ്യം അവളുടെ അപേക്ഷ നിസരിക്കുന്നത്. ഇസ്രേയേലിലെ നഷ്ടപ്പെട്ട ആടുകൾ ഇസ്രായേൽ മുഴുവനുമാണ്. ആ സ്ത്രീയുടെ വിശ്വാസത്തിന്റെ പേരിലാണ് അവിടുന്ന് അവളുടെ പുത്രിയെ പിന്നീടു സുഖപ്പെടുത്തുന്നത്. 'ആദ്യം മക്കൾ തൃപ്തരാകട്ടെ' എന്ന് മർക്കോസിന്റെ സുവിഷേത്തിൽ കാണുന്ന വാക്യം ഇവിടെ ഉപേക്ഷിച്ചിരിക്കുന്നു. ദൈവം ഈശോയെ ഇസ്രായേൽക്കാരുടെ പക്കലേക്ക് അയക്കുന്നെങ്കിലും അവിടുത്തെ രക്ഷാകര സുവിശേഷം വിജാതീയരെക്കൂടെ ഉദ്ദേശിച്ചുള്ളതാണ്.

പ്രീശർക്കും നിയമജ്ഞർക്കുമുള്ള ഇടുങ്ങിയ ചിന്താഗതിയിൽനിന്നു വ്യത്യസ്തമാണ് ഈശോയുടെ വിശാലമനസ്കത. തന്റെ ദൗത്യം ഇസ്രായേലിൽ ഒതുക്കിക്കൊണ്ടുള്ളതാണെന്ന അവബോധം ഉണ്ടായിരുന്നിട്ടും (10.5-6), ഈശോ തന്റെ പ്രവർത്തനങ്ങളുമായി വിജാതീയ പ്രദേശങ്ങളിലേയ്ക്ക് പോകുന്നുണ്ട്. ഈശോയെ 'ദാവീദിന്റെ പുത്രാ' എന്ന് വിളിക്കുന്ന കാനാൻകാരിക്ക് യഹൂദവിശ്വാസമുണ്ട് (9.27; 12.23). 'ആദ്യം മക്കൾ തൃപ്തരാകട്ടെ' (മർക്കോ 7,27) എന്ന പ്രസ്താവനയിൽ വിജാതീയദൗത്യത്തെക്കുറിച്ചു സൂചനയുണ്ട്. യഹൂദക്രൈസ്തവർക്ക് ഇടർച്ചയുണ്ടാകാതിരിക്കാനാവാം മത്തായി അതുപേക്ഷിക്കുന്നത്. വലുതായ വിശ്വാസം ഈശോ ഒരു വിജാതിയനിലോ (കഫർണാനിലെ ശതാധിപൻ) ഒരു വിജാതിയയിലോ (കാൻകാരി സ്ത്രീ) കണ്ടെത്തുന്നെങ്കിൽ, അതു യഹൂദർക്കു (യഹൂദക്രൈസ്തവർക്ക്) ഇടർച്ചയ്ക്ക് കാരണമാകും.

"ആ പ്രദേശത്തുനിന്ന് ഒരു കാനാൻകാരി വന്നു കരഞ്ഞപേക്ഷിച്ചു..." അവളുടെ കണ്ണുനീരിന്റെ കാരണം അവളുടെ മകളുടെ അസുഖമാണ്. കണ്ണുനീരോടെ പ്രാർത്ഥിക്കുന്നവൾ സൗഖ്യം സ്വന്തമാക്കുന്നു...

*21-22 യേശു അവിടെ നിന്നു പുറപ്പെട്ട് ടയിർ, സീദോൻ
എന്നീ പ്രദേശങ്ങളിലെത്തി. അപ്പോൾ ആ പ്രദേശത്തുനിന്ന്
ഒരു കാനാൻകാരി വന്നു കരഞ്ഞപേക്ഷിച്ചു: കർത്താവേ,
ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ! എന്റെ മകളെ
പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു.*

അപേക്ഷയുമായി ഈശോയെ സമീപിച്ച സ്ത്രീയെ മത്തായി 'കാനാൻകാരി' എന്നും മർക്കോസ് 'സീറോ-ഫിനിഷ്യാക്കാരി' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. തന്റെ മക്കളെ പിശാചുബാധയിൽനിന്നു മോചിപ്പിക്കണമെന്നാണ് അവളുടെ അപേക്ഷ. രോഗങ്ങൾ പിശാചുബാധയുടെ ഫലമാണ് എന്നത് ബൈബിൾ സങ്കൽപമല്ല, വിജാതീയസങ്കൽപമാണ്. ഇവിടെ ഈശോ 'പിശാചിനെ ബഹിഷ്കരിക്കുന്നില്ല, രോഗശാന്തി നൽകുന്നതേയുള്ളു.'

കാൻകാർ ഇസ്രായേൽക്കാരുടെ ആജന്മശത്രുക്കളാണ്. 'ഈശോ ഒരു വിജാതീയവീട്ടിൽ പ്രവേശിച്ചു' (മർക്കോ 7.24) എന്ന പരാമർശവും മത്തായി ഉപേക്ഷിക്കുന്നു. ഈശോ വിജാതീയഭവനത്തിൽ പ്രവേശിക്കുന്ന കാര്യവും യഹൂദക്രൈസ്തവർക്ക് ഇടർച്ചയ്ക്കു കാരണമായിരുന്നിരിക്കാം. ജറുസലേമിൽനിന്നു വന്ന ഫ്രീശരുമായുണ്ടായ വാഗ്വാദത്തിന്റെ പശ്ചാത്തലത്തിലാണ് ഈശോ വിജാതീയനഗരങ്ങളിലേക്കു പിൻവാങ്ങുന്നത്. കഴിവതും പ്രതിയോഗികളിൽന്ന് ഒഴിഞ്ഞുമാറുക ഈശോയ്ക്കു പതിവായിരുന്നു. അപ്പോഴും ആവശ്യങ്ങളുമായി തന്നെ സമീപിക്കുന്നവരെ കണ്ടില്ലെന്നു വയ്ക്കാൻ അവിടുത്തേയ്ക്കു കഴിയുമായിരുന്നില്ല. കരഞ്ഞുകൊണ്ടു തന്നെ സമീപിക്കുന്ന കാനാൻകാരിയോടും അവിടുന്നു കരുണ കാട്ടാൻ കാരണമതാണ് (സങ്കീ 6.2 = കർത്താവേ, എന്നോടു കരുണ തോന്നണമേ; 9.12 = പീഡിതരുടെ നിലവിളി അവിടുന്നു മറക്കുന്നില്ല).

*23-24 എന്നാൽ, അവൻ ഒരു വാക്കുപോലും ഉത്തരം പറഞ്ഞില്ല. ശിഷ്യൻമാർ അവനോട് അഭ്യർഥിച്ചു: അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ.അവൻ മറുപടി പറഞ്ഞു: ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണു ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്.*

കാനാൻകാരി പ്രാർത്ഥിച്ചത് തനിക്ക് വേണ്ടിയല്ല, മറിച്ച്, തന്റെ മകൾക്കു വേണ്ടിയാണ്.... മദ്ധ്യസ്ഥപ്രാർത്ഥനകൾക്ക് വലിയ ശക്തിയുണ്ട്

മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന ഈ വാക്യങ്ങളനുസരിച്ച്, ഈശോ സ്ത്രീയുടെ നിലവിളി ഗൗനിക്കുന്നില്ല, അവളോട് ഒന്നു പറയുന്നുമില്ല. അവളുടെ നിലവിളി ശല്യമായി തോന്നിയ ശിഷ്യരാണ് അക്കാര്യം ഈശോയുടെ ശ്രദ്ധയിൽ പെടുത്തുന്നത്. അപ്പോഴും ഈശോയുടെ പ്രതികരണം അവർക്കനുകൂലമല്ല. മത്തായിയുടെ വീക്ഷണത്തിൽ, പ്രതികൂലമെന്നു തോന്നാവുന്ന ഈശോടെ നിലപാട്, 'താൻ ഇസ്രായേൽക്കാരുടെ പക്കലേക്കുമാത്രം അയയ്ക്കപ്പെട്ടിരിക്കുന്നു' എന്ന അവിടുത്തെ അവബോധത്തിൽ നിന്നുള്ളതാണ്. തന്റെയും (10.40; 21.37) ശിഷ്യരുടെയും (10.6) ദൗത്യം പ്രധാനമായും ഇസ്രായേൽക്കാരെ ഉദ്ദേശിച്ചുള്ളതാണ്. മർക്കോസിനു വിജാതീയ പ്രേഷിതത്വത്തിലുള്ള താൽപര്യം കൊണ്ടാണ്, 'ആദ്യം മക്കൾ തൃപ്തിരാകട്ടെ' (7.27) എന്ന വാക്യംകൂടി ഉൾപ്പെടുത്തുന്നത്. നഷ്ടപ്പെട്ട ആടുകൾ ഇസ്രായേലാണ് (എശ 53.6 = 'ആടുകളെപ്പോലെ നമുക്കു വഴി തെറ്റിയിരിക്കുന്നു'; സഖ 9.16= 'ഇടയൻ തന്റെ ആടുകളെയെന്നപോലെ, ആദിനം കർത്താവും നമ്മെ രക്ഷിക്കും'). ഈശോ ഇസ്രായേൽക്കാരുടെ ഇടയനാണെന്നു സ്വയം വെളിപ്പെടുത്തുന്നു.

*25-26 എന്നാൽ, അവൾ അവനെ പ്രണമിച്ച് കർത്താവേ, എന്നെ സഹായിക്കണമേ എന്ന് അപേക്ഷിച്ചു. അവൻ പറഞ്ഞു: മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല.*

അവൾ മുട്ടിൽമേൽ വീണ് അപേക്ഷിക്കുമ്പോഴും, ഈശോ അവളുടെ അപേക്ഷ നിരസിക്കുന്നു. ഇസ്രായേൽ കുടുംബത്തിലെ ആളുകൾ മക്കളും, വിജാതീയർ നായ്ക്കളുമാണ്. യഹൂദസാഹിത്യം വിജാതീയരെ നായ്ക്കളായി വിശേഷിപ്പിക്കുന്ന രീതിയുണ്ടായിരുന്നു. വാദത്തിനുവേണ്ടി അതു സമ്മതിച്ചാൽതന്നെയും, നായ്ക്കൾ മേശയിൽ നിന്ന് വീഴുന്ന അപ്പകഷണങ്ങൾ തിന്നുന്നതിൽ അപാകതയില്ലെന്ന അഭിപ്രായമാണ് കാനാൻകാരിക്കുള്ളത്.

അവൾ ഈശോയെ 'കർത്താവേ,' എന്നു വിളിച്ച് ആരാധിച്ചുകൊണ്ടാണ് വീണ്ടും സഹായം അപേക്ഷിക്കുന്നത്. 'പട്ടി' എന്ന പ്രയോഗം നിന്ദാസൂചകമെങ്കിൽ, 'പട്ടിക്കുഞ്ഞു' എന്ന പ്രയോഗം അതിനെ ആകർഷകമാക്കുന്നു. തെരുവുനായെപ്പോലെ, തന്നെ ആട്ടിപ്പായിക്കരുതെന്നു, ഒരു വീട്ടുനായോടെന്നപോലെ തന്നോടു സഹതാപം കാട്ടണമെന്നുമാണ് അവളുടെ അപേക്ഷ. അവളുടെ വിനയപ്രകടനത്തിൽ ഈശോ ദർശിക്കുന്നത് അവളുടെ വിശ്വാസമാണ്. അതിന്റെ ഫലമായി അപേക്ഷിച്ച രോഗശാന്തി അവർക്കു ലഭിക്കുന്നു.

*27-28 അവൾ പറഞ്ഞു: അതേ, കർത്താവേ, നായ്ക്കളും യജമാനൻമാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ. യേശു പറഞ്ഞു: സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ. ആ സമയംമുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി.*

കാനാൻകാരി സ്ത്രീ നിരന്തരമായ പരിശ്രമത്തിന്റെ പര്യായമാണ്. അവളുടെ പരിശ്രമം ഫലം ചൂടുകയും ചെയ്യുന്നു.

ഇസ്രായേൽക്കാർക്കുള്ള മുൻഗണന അവൾ അംഗീകരിക്കുന്നു. അവൾക്ക് അവകാശവാദങ്ങളില്ല. അവൾക്ക് ആവശ്യം ഈശോയുടെ നന്മയും കരുണയും മാത്രമാണ്. അവളുടെ ആവശ്യം അംഗീകരിക്കാതെ ഒഴിഞ്ഞുമാറാൻ ഇനി ഈശോയ്ക്കു സാധ്യമല്ല. ഈശോ അവളുടെ വിശ്വാസം കണ്ട്, അവളുടെ മകളെ സുഖപ്പെടുത്തുന്നു. ഈ സംഭവം യഹൂദക്രൈസ്തവർക്ക് ഒരു പാഠവും, വിജാതീയ ക്രൈസ്തവർക്ക് ഒരു വാഗദാനവുമാണ്.

---

കടപ്പാട്: **റവ.ഡോ.തോമസ് കയ്യാലപറമ്പിൽ**
***"സുവിശേഷ വ്യഖാനം: മത്തായി"***